# പതിനഞ്ചാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

2021 ഓഗസ്റ്റ് 5, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി**

**<u>കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്</u>**

*301 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അൻപത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണ സമിതി പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ക്രമക്കേട് കണ്ടെത്തിയിട്ടും ഭരണസമിതി പിരിച്ചുവിടാത്ത നടപടി കൂടുതൽ ക്രമക്കേട് നടത്താൻ സാഹചര്യമൊരുക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകളിലെ അന്വേഷണം</u>**

*302 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വൻ തുകയുടെ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിലെ കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ലോട്ടറി മേഖലയുടെ പുനരുജ്ജീവനം

*303 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മൂലം ലോട്ടറി മേഖലയ്ക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡ് മൂലം പ്രതിസന്ധിയിലായ ലോട്ടറി മേഖലയുടെ പുനരുജ്ജീവനത്തിനായി നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) സാമൂഹിക ലക്ഷ്യം മുൻനിർത്തി ലോട്ടറികൾ വിഭാവനം ചെയ്യുക എന്ന ആശയ സാക്ഷാത്ക്കാരത്തിനായി കൂടുതൽ ലോട്ടറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ലോട്ടറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള ബാങ്ക് വായ്പകൾക്ക് കൂട്ടുപലിശ

*304 **ഡോ. എം.കെ . മുനീർ**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നയത്തിന് വിരുദ്ധമായി കാർഷികേതര വായ്പകൾക്ക് കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വാണിജ്യ ബാങ്കുകളുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി രൂപീകരിച്ച കേരള ബാങ്ക് അവയെക്കാൾ കൂടുതൽ പലിശ ഈടാക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സമ്പദ് വ്യവസ്ഥയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം

*305 **ശ്രീ ഐ ബി സതീഷ്**

**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഒന്നാം തരംഗം സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏൽപ്പിച്ച ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കോവിഡ് രണ്ടാം തരംഗം വിവിധ മേഖലകളിലെ പിന്നോട്ടടിക്ക് ആക്കം വർദ്ധിപ്പിച്ചതിനാൽ സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ക്രയശേഷി ശോഷണം ആഭ്യന്തരോല്പാദനത്തിൽ സൃഷ്ടിക്കുന്ന ആഘാതം പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**<u>ഖാദി കൈത്തറി മേഖലയുടെ പുനരുജ്ജീവനം</u>**

*306 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ചയിലായിരുന്ന ഖാദി കൈത്തറി വ്യവസായം കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) നെയ്ത്തുകാർക്കെല്ലാം ജോലി ലഭ്യമാക്കുന്നതിനും ന്യായമായ ദിവസ വേതനം ഉറപ്പാക്കുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്ന് എന്ന് അറിയിക്കുമോ;

(സി) കോവിഡ് മൂലം ഈ മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികൾ ദുരിതത്തിലായത് കണക്കിലെടുത്ത് ഈ വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

**<u>കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്</u>**

*307 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അൻപത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകാമോ;

(സി) വളരെ മുമ്പ് നടന്ന പ്രസ്തുത സംഭവം ഭരണസമിതി അറിയാതിരുന്നതും 2019-ൽ തട്ടിപ്പ് കണ്ടെത്തിയിട്ടും ഭരണസമിതി നടപടികൾ സ്വീകരിക്കാതിരുന്നതും കൂടുതൽ തട്ടിപ്പ് നടക്കുന്നതിന് കാരണമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ

അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ; വ്യക്തമാക്കാമോ?

## വ്യവസായരംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

*308 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായാനുകൂല അന്തരീക്ഷം സംബന്ധിച്ച് ആശങ്കയുണർത്തുന്ന വാർത്തകളുടെ പശ്ചാത്തലത്തിൽ വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തിയിരുന്നോ;

(ബി) പ്രവാസികൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ ക്ഷണിച്ച് അവർക്ക് സംസ്ഥാനത്ത് നിക്ഷേപം നടത്താനുള്ള അവസരം സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അസെൻഡ് നിക്ഷേപക സംഗമത്തിൽ മുന്നോട്ടുവയ്ക്കപ്പെട്ട അനുയോജ്യമായ പദ്ധതികളിൽ നിക്ഷേപം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഏറെ ആവശ്യകതയുള്ള ഉപഭോക്തൃവസ്തുക്കളുടെ നിർമ്മാണ സാധ്യത പരിഗണിച്ച് എഫ്. എം. സി. ജി. കൾക്കായി പ്രത്യേക വ്യവസായപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

*309 **ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ നാല്പത്തിയാറ് വ്യക്തികളുടെ പേരിൽ വായ്പ എടുത്ത ഇരുപത്തിരണ്ട് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ ഒരു വ്യക്തിയുടെ അക്കൗണ്ടിലേക്ക് വരവ് വെച്ചതായി സഹകരണ വകുപ്പിന്റെ ഓഡിറ്റിംഗിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ ബാങ്കിന്റെ കീഴിലുള്ള സൂപ്പർ മാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങിയതിന്റെ കണക്ക് പരിശോധിച്ചപ്പോൾ ഒന്നരക്കോടി രൂപയിലധികം കുറവായി കാണുകയുണ്ടായോ;

(സി) ഈ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

*310 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി നിലവിൽ വരുമ്പോൾ വൈദ്യുതി വിതരണം നിയന്ത്രണമില്ലാതെ സ്വകാര്യ കമ്പനികൾക്ക് നൽകുന്നത് മൂലം പൊതുമേഖലയ്ക്കും സാധാരണ ഉപഭോക്താക്കൾക്കും ഉണ്ടാകാവുന്ന പ്രതിസന്ധിയെ കുറിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും സംസ്ഥാനത്തിന് ദോഷകരമായി മാറുന്നതുമായ ഭേദഗതികൾ ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദവിവരം നൽകുമോ?

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

*311 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലൂടെ കൂടുതൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) ഓരോ പഞ്ചായത്തിലും അതത് പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ ലഭ്യത അനുസരിച്ച് സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ ഓരോ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കാർഷിക വിപണി ശാക്തീകരണം

*312 **ശ്രീ. എച്ച്. സലാം**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലെയും പ്രാദേശിക കാർഷികോല്പന്നങ്ങൾ അധിഷ്ഠിതമാക്കി ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് കാർഷിക മേഖലയെയും സഹകരണ രംഗത്തെയും ഒരുപോലെ പുഷ്ടിപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) കാർഷിക വിപണി മേഖലയെ ശക്തിപ്പെടുത്താനായി സഹകരണ സംഘങ്ങൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കർഷക സേവന കേന്ദ്രങ്ങൾ ശാക്തീകരിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ?

## വ്യവസായ വികസന കോർപ്പറേഷന്റെ പദ്ധതികൾ

*313 **ശ്രീ. പി.വി.അൻവർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവാരം ഉറപ്പാക്കി വിശ്വാസ്യത നേടിയെടുക്കുന്ന ആഗോള വിപണി ഉറപ്പാക്കാൻ വ്യവസായ വികസന കോർപ്പറേഷൻ കേരള ബ്രാൻഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കെ. എസ്. ഐ. ഡി. സി. യുടെ ആഭിമുഖ്യത്തിലുള്ള ബൃഹദ് പദ്ധതിയായ ലൈഫ് സയൻസ് പാർക്കിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കെ. എസ്. ഐ. ഡി. സി. ക്ക് പ്രത്യേക പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## ഊർജ്ജ ഭദ്രത ഉറപ്പുവരുത്താൻ നടപടി

*314 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഊർജ്ജ ഭദ്രത ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി ലഭ്യതയിൽ കുറവ് ഉണ്ടാകുന്ന പക്ഷം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങാനുള്ള ക്രമീകരണം കെ. എസ്. ഇ. ബി. എൽ. ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി പ്രസരണ മേഖലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ജലസേചന കനാലുകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## ഊർജ്ജ കേരള മിഷന്റെ പ്രവർത്തന പുരോഗതി

*315 **ശ്രീ. കെ. ബാബു (നെന്മാറ)**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷന്റെ ഘടകങ്ങൾ എന്തെല്ലാമാണ്; അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത മിഷന്റെ ഭാഗമായുള്ള സൗര പദ്ധതി പ്രകാരം സൗരോർജ്ജോല്പാദനത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കുമോ;

(സി) ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രഖ്യാപിച്ച ഫിലമെന്റ് രഹിത കേരളം പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കാമോ?

## <u>കെൽട്രോൺ മുഖേനയുള്ള ശ്രവണസഹായികളുടെ നിർമ്മാണം</u>

*316 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നൂതന പദ്ധതികളിലൊന്നായ ശ്രവണസഹായികളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കെൽട്രോൺ മൂടാടി യൂണിറ്റിൽ നൂതന സാങ്കേതിക മെഷീനുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) കൂടുതൽ ഗുണമേന്മയുള്ള ശ്രവണ സഹായികൾ വിപണിയിലിറക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുമോയെന്ന് അറിയിക്കുമോ;

(സി) കെൽട്രോൺ ആരംഭിക്കുന്ന ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം സാമ്പത്തിക സാങ്കേതിക സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സഹകരണ മേഖലയിലെ കേന്ദ്ര ഇടപെടൽ</u>

*317 **ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. എം. എം. മണി**
**ശ്രീ കെ ആൻസലൻ**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ നിയന്ത്രിക്കാനുള്ള വ്യവസ്ഥകളായിരുന്നു 97-ാം ഭരണഘടന ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ച് സംസ്ഥാന സഹകരണ മേഖലയിൽ ഇടപെടാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തെ പ്രതിരോധിക്കാൻ 97-ാം

ഭരണ ഘടന ഭേദഗതി റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധി പ്രയോജനപ്രദമാകുമോയെന്ന് പരിശോധിക്കുമോ;

(സി) ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സഹകരണം സംസ്ഥാന വിഷയമാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

**<u>കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ</u>**

*318 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2018-19ലെ ഓഡിറ്റ് റിപ്പോർട്ടിൽ ബാങ്കിൽ വൻ ക്രമക്കേട് നടന്നു എന്ന് കണ്ടെത്തിയിരുന്നോ; ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(ബി) കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് 2019 ഓഗസ്റ്റ് 31-ന് കോ-ഓപ്പറേറ്റീവ് നിയമത്തിലെ സെക്ഷൻ 65 അനുസരിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ഈ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലും സെക്ഷൻ 65 അനുസരിച്ചുള്ള അന്വേഷണത്തിലും ഈ ബാങ്കിൽ വ്യാപക ക്രമക്കേട് നടന്നു എന്ന് കണ്ടെത്തിയിട്ടും ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

**<u>സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി</u>**

*319 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ടി.സിദ്ദിഖ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം നിയമവിധേയമെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ</u>**

*320 **ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ ഉപയോഗവും നിർമ്മാണവും പ്രചരണവും സർക്കാർ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യത്തിൽ വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി വൈദ്യുതി വകുപ്പ് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി വകുപ്പിന് കീഴിൽ എവിടെയെല്ലാം ചാർജിംഗ് കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ;

(സി) വൈദ്യുതി വകുപ്പിന് കീഴിലല്ലാതെ എവിടെയെങ്കിലും ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പുതുതായി വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ?

## <u>വ്യവസായ സംരംഭകരുടെ പരാതി പരിഹാരം</u>

*321 **ശ്രീ .പി. കെ. ബഷീർ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഇവർ ഇതിനകം എത്ര പരാതികൾ പരിഹരിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സൗരോർജ്ജ ഉപയോഗം വ്യപകമാക്കുവാൻ നടപടി</u>

*322 **ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ ഉപയോഗം വ്യപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സൗരോർജ്ജ പാനലുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ക്ഷേമപെൻഷൻ വിതരണം**

*323 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ കെ ആൻസലൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനസ്രോതസ്സുകളെ കോവിഡ് വ്യാപനം ദുർബലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും ക്ഷേമപെൻഷനുകൾ എല്ലാം ഓണത്തിന് മുൻപായി നൽകാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) ക്ഷേമപെൻഷൻ ഇനത്തിൽ നൽകാൻ വേണ്ടിവരുന്ന തുക എത്രയെന്നും ആകെ ഗുണഭോക്താക്കൾ എത്രയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ എന്ത് മാർഗ്ഗമാണ് പരിഗണനയിലുള്ളത്; ചരക്ക് സേവന നികുതിയിൽ ഉൾപ്പെടെയുള്ള നികുതി ചോർച്ച തടയുന്നതിന് ഊർജ്ജിതശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

**പൊതുമേഖലാ ബാങ്കുകളുടെ സർവ്വീസ് ചാർജ്ജ് ഈടാക്കൽ**

*324 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എച്ച്. സലാം**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ സാമ്പത്തിക ഇടപാടുകൾ സുരക്ഷിതവും സുഗമവും സൗജന്യവുമായും നടത്തിയിരുന്ന പൊതുമേഖലാ ബാങ്കുകൾ ക്രമാനുഗതമായി എല്ലാ സാമ്പത്തിക ഇടപാടുകളിലും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് ബാങ്കിംഗ് ഇടപാടുകാരെ നിരുത്സാഹപ്പെടുത്തുന്നതിനിടയാക്കുമെന്നതിനാൽ പ്രസ്തുത നയം തിരുത്താൻ സമ്മർദ്ദം ചെലുത്തുമോ;

(ബി) എ. റ്റി. എം. വഴി പിൻവലിക്കാവുന്ന തുകയും തവണകളും വെട്ടിക്കുറയ്ക്കുകയും തുടർന്നുള്ള ഓരോ ഇടപാടിനും പ്രത്യേകമായി സർവ്വീസ് ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നതുമൂലം ഇടപാടുകാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെക്കുബുക്കുകൾ വാങ്ങിയിട്ടുള്ള ഇടപാടുകാർ ആയത് ഉപയോഗിച്ചില്ലെങ്കിലും പ്രതിമാസം സർവ്വീസ് ചാർജ്ജ് നൽകേണ്ടിവരുന്നതും മാസത്തിൽ രണ്ടുതവണയായി ചെക്കുവഴിയുള്ള ഇടപാടുകൾ നിജപ്പെടുത്തിയതും മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവനം**

*325 **ശ്രീ എം നൗഷാദ്**

**ശ്രീ എം മുകേഷ്**
**ഡോ സുജിത് വിജയൻപിള്ള**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയുണ്ടാകുമോയെന്ന് അറിയിക്കാമോ;

(ബി) കോവിഡ് സൃഷ്ടിച്ച കനത്ത തകർച്ചയിൽ നിന്നും പ്രസ്തുത പരമ്പരാഗത വ്യവസായത്തിന്റെ അതിജീവനത്തിന് സർക്കാർ നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കാഷ്യു ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഗുണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് സൃഷ്ടിക്കുന്ന ഭീഷണി ഒഴിവാക്കുവാൻ ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പരിഗണിക്കുമോ; വിശദമാക്കുമോ?

## കേന്ദ്ര വൈദ്യുതി ഭേദഗതി നിയമം

*326 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്ന വൈദ്യുതി ഭേദഗതി നിയമം ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്കെതിരാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## സഹകരണ സംഘങ്ങൾ വഴിയുള്ള നെല്ല് സംഭരണം

*327 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തത് മൂലം കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ചുപോയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സഹകരണ സംഘങ്ങൾ വഴി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരണത്തിനായി പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആധുനിക രീതിയിലുള്ള റൈസ് മില്ലുകൾ സഹകരണ സംഘങ്ങൾ വഴി സ്ഥാപിക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ സംഘങ്ങൾ വഴി സംഭരിച്ച നെല്ലിന്റെ വില സംഭരണ സ്ഥലത്തുവച്ച് തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

## <u>ജി. എസ്. ടി. വരുമാനം വർദ്ധിപ്പിക്കൽ</u>

*328 **ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിൽ ജി. എസ്. ടി. വരുമാനം വർദ്ധിക്കുമ്പോൾ കേരളത്തിൽ പ്രതീക്ഷിച്ച ജി. എസ്. ടി. വരുമാനം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി പിരിവിൽ എഴുപത്തിരണ്ടായിരത്തി അറുന്നൂറ്റി എട്ട് കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നികുതി പിരിവ് സംവിധാനത്തിന്റെ പോരായ്മയായി സർക്കാർ കരുതുന്നുണ്ടോ;

(സി) വ്യാപാരി വ്യവസായികളുടെ യഥാർത്ഥ ജി. എസ്. ടി. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഫീൽഡ് ഓഫീസുകൾ രൂപീകരിക്കണം എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) നികുതി വെട്ടിപ്പ് തടയാൻ വാങ്ങിയ ക്യാമറ സംവിധാനം ഉപയോഗിക്കുന്നില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഇ) പല തവണ മാപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടും വാറ്റ്-ലെ കുടിശിക പിരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## <u>വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ</u>

*329 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>കേരള ബാങ്കിന്റെ ആധുനികീകരണം</u>

*330 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ. ആന്റണി ജോൺ**

**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രതിസന്ധിഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന് കൈത്താങ്ങായി വർത്തിച്ച സഹകരണ മേഖലയെ സർക്കാർ പദ്ധതികൾ നടപ്പിലാക്കാൻ കൂടി കഴിയുന്ന ഏജൻസിയായി പരിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) കേരള ബാങ്കിനെയും അതിന്റെ ഘടകങ്ങളായ സംഘങ്ങളെയും സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബാങ്കായി മാറ്റിയെടുക്കാൻ കഴിയും വിധം ഇവയെ പ്രൊഫഷണൽ രീതിയിൽ ആധുനികീകരിക്കാൻ പദ്ധതിയുണ്ടോ;

(സി) എൻ. ആർ. ഐ. നിക്ഷേപം സ്വീകരിക്കുന്നതിനും എൻ. ഇ. എഫ്. റ്റി., ആർ. റ്റി. ജി. എസ്., ഓൺലൈൻ ബാങ്കിംഗ് തുടങ്ങി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കാൻ കേരള ബാങ്കിനെ പ്രാപ്തമാക്കുന്നതിന് പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

| | |
|---|---|
| കേരള നിയമസഭാ | അംഗീകരിച്ച തീയതി: 2021 ജൂലൈ 28, ബുധൻ |
| സെക്രട്ടേറിയറ്റ് | എസ് വി ഉണ്ണികൃഷ്ണൻ നായർ, |
| തിരുവനന്തപുരം, | സെക്രട്ടറി, |

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].